**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

## കുറ്റാന്വേഷണം, ക്രമസമാധാനം എന്നിവയ്ക്ക് പ്രത്യേക യൂണിറ്റുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3777. 11/11/2019-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണം, ക്രമസമാധാനം എന്നിവയ്ക്ക് പ്രത്യേക യൂണിറ്റുകൾ രൂപീകരിയ്ക്കുന്നത് പോലീസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിയ്ക്കുന്ന നടപടിയാകും എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമസമാധാനവും കുറ്റാന്വേഷണവും ഓരോ സബ് ഇൻസ്പെക്ടർമാരുടെ വീതം നേതൃത്വത്തിൽ പ്രത്യേകമായി പ്രവർത്തിച്ച വരുന്ന സമ്പ്രദായം, പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട്. സംസ്ഥാനത്തെ 477 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ എസ്.എച്ച്.ഒ. സംവിധാനം ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് കേസന്വേഷണം കൂട്ടുതൽ കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാന പ്രശ്നങ്ങളിൽ ഉടൻ ഇടപെട്ട് നടപടികൾ സ്വീകരിച്ച് ഗുരുതരമായ സ്ഥിതി വിശേഷങ്ങൾ ഒഴിവാക്കുന്നതിനും കഴിയുന്നു. രണ്ട് മേഖലകളിലും വിന്യസിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് തങ്ങളുടെ മേഖലയിൽ കൂട്ടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുവാനും സാധിക്കും. |
| (ബി) | എങ്കിൽ വിശദവിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ